# വഴിയിലെ അമൃത്

## 1. നിഷ്കളങ്കത



മുഹമ്മദ്നബിയെ പറ്റി എല്ലാവരും കേട്ടിരിക്കുമല്ലോ. അദ്ദേഹത്തിന്റെ രണ്ടാം ഉത്തരാധികാരി (ഖലീഫ)യായിരുന്നു ഉമറുൽഫാറൂഖ്. നീതിമാനായ ഭരണാധികാരിയായിരുന്ന അദ്ദേഹം. ആളുകളുടെ അവസ്ഥകൾ അറിയുന്നതിനായി അദ്ദേഹം രാത്രികാലങ്ങളിൽ ഉറക്കമിളച്ചു സഞ്ചരിക്കുക പതിവാക്കിയിരുന്നു.

ഒരുരാത്രി അദ്ദേഹം മദീനയുടെ ഒരു ഭാഗത്തുകൂടി നടക്കുകയായിരുന്നു. ചെറിയ ഒരു കുടിലിനു മുമ്പിലെത്തിയപ്പോൾ ഒരു പെൺകുട്ടിയുടെ സ്വരം അദ്ദേഹത്തിന്റെ ചെവിയിൽ പതിഞ്ഞു. കാര്യമെന്തെന്നറിയാനായി അദ്ദേഹം കുറച്ചു നേരം അവിടെ നിന്നു. കുടിലിനകത്തുനിന്ന് ഉമ്മയും മകളും സംസാരിക്കുകയായിരുന്നു.

ഉമ്മ മകളോട് പറഞ്ഞു:

''മോളെ, ആ പാലിൽ കുറച്ച് വെള്ളം ചേർത്തേക്ക്.''

''ഉമ്മാ, പാലിൽ വെള്ളം ചേർക്കരുതെന്ന് ഉമർ കൽപിച്ചിട്ടില്ലേ?''

''ആളുകളൊക്കെ അത് ചെയ്യുന്നുണ്ടല്ലോ. കുറച്ചു ചേർത്തെന്നു കരുതി ഉമർ എങ്ങനെയാണ് അതറിയുക?''

''വേണ്ട ഉമ്മാ, ഉമർ അറിഞ്ഞില്ലെങ്കിലും അല്ലാഹു അതറിയുകയില്ലേ?'' പെൺകുട്ടി ചോദിച്ചു. ആ ചോദ്യത്തിനു മുമ്പിൽ അവളുടെ ഉമ്മ പരാജയമടഞ്ഞു. ഭരണാധികാരിയായ ഉമറിന് ആ കുട്ടിയോട് എന്തെന്നില്ലാത്ത ആദരവ് തോന്നി.

നിഷകളങ്കമാണ് കുട്ടികളുടെ മനസ്സ്. മുതിർന്നവരെപ്പോലെ അവർക്ക് പെട്ടെന്ന് തെറ്റുകുറ്റങ്ങളിൽ ഏർപ്പെടാനാകില്ല. അവരുടെ മനസ്സ് ശുദ്ധമാണ് എന്നതാണ് അതിന് കാരണം. എന്നാൽ അതിനെ നശിപ്പിക്കുവാനും എളുപ്പം സാധിക്കും. പുഴയിലെ ശുദ്ധജലം കടലിലെ വെള്ളവുമായി ചേർന്ന് ഉപ്പുരസമാകുന്നതുപോലെയാണത്. അതിനാൽ മറ്റുള്ളവരുമായി കൂട്ടുകൂടുമ്പോഴും അവർ തെറ്റു ചെയ്യാൻ ആവശ്യപ്പെട്ടാലും അതിൽ പെടാതിരിക്കാൻ കുട്ടികൾ പരമാവധി ശ്രമിക്കണം. മാത്രമല്ല, തെറ്റു ചെയ്യുന്ന മുതിർന്നവരെ തിരുത്താനും കുട്ടികൾക്ക് സാധിക്കണം.